**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5175** | **12-08-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം വനിത ആർട്സ് ആന്റ് സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം വനിത ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെയുള്ള പുരോഗതികൾ വെളിപ്പെടുത്തുമോ; | (എ) | മലപ്പുറത്തുള്ള ഡൗൺഹിൽ സർക്കാർ ആർട്സ്&സയൻസ് വനിതാ കോളേജിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ ഡി.പി.ആർ ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13.85 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | എസ്.പി.വി. ആയ കിറ്റ്ക്കോ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ആയതിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മലപ്പുറത്തുള്ള ഡൗൺഹിൽ സർക്കാർ ആർട്സ്&സയൻസ് വനിതാ കോളേജിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ ഡി.പി.ആർ ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13.85 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പദ്ധതിയുടെ ഡിസൈൻ GRIHA നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള മാറ്റങ്ങൾ കിറ്റ്കോ ഇപ്പോൾ നടത്തിവരുന്നു. |
| (സി) | അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുവാനും കെട്ടിടനിർമ്മാണ നടപടികൾ അടിയന്തരമായി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതി GRIHA നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപെടുത്തി കിറ്റ്കോ പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ആയതിനു ശേഷം സാങ്കേതിക അനുമതി പുറപ്പെടുവിച്ച് ടെൻഡർ നടപടികൾ കിറ്റ്കോയ്ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ